**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 7132** — **03.11.2011 ലെ മറുപടിക്ക്**

**<u>നീതിസ്റ്റോറിലെ സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തൽ</u>**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ. ബി. സത്യൻ** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) | 2011 മെയ് മുതൽ ഈ കാലയളവ് വരെ എത്ര നീതി സ്റ്റോറുകൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട് ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ ; | എ) | രണ്ട് എണ്ണം.<br>1) തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നീതിസ്റ്റോർ<br>2) ആലപ്പുഴ ജില്ലയിലെ 296-ാം നമ്പർ വീയപുരം സർവ്വീസ് സഹകരണ ബാങ്കിന്റെ നീതി സ്റ്റോർ |
| ബി) | എത്ര നീതി സ്റ്റോറുകൾ കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുണ്ട് ; വ്യക്തമാക്കാമോ ; | ബി) | 368 നീതിസ്റ്റോറുകൾ |
| സി) | സർക്കാർ ഉത്തരവ് (കൈ) നമ്പർ. 207/10/സഹ. തീയതി 27.11.2010 പ്രകാരം, നീതിസ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തി യിട്ടുണ്ട് ; വ്യക്തമാക്കാമോ ; | സി) | 75 സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത ഉത്തരവ് നിലവിൽ വന്ന സമയത്ത് കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന എത്ര സെയിൽസ് മാൻമാരെ ഇനി സ്ഥിരപ്പെടുത്താനുണ്ട് ; വ്യക്തമാക്കാമോ ; | ഡി) | 345 സെയിൽസ്മാൻമാർ. |
| ഇ) | പുതുതായി എത്ര നീതിസ്റ്റോറുകൾ ആരംഭി ക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാ ക്കാമോ? | ഇ) | പുതുതായി 91 നീതി സ്റ്റോറുകൾ ആരംഭി ക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**